II ഇ.ബി. XII കേരള നിയമസഭ/IX-7

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

വാങ്മൂലം നല്കിയ ഉത്തരങ്ങൾ-സംഗ്രഹം

2008 ഡിസംബർ 3 ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

22 (*211) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഔഷധ വിവര കേന്ദ്രം

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ) നൽകിയ മറുപടിയിൽ, പൊതുജനങ്ങൾക്ക് ഔഷധങ്ങളെ സംബന്ധിച്ച് ആധികാരികവും വിശ്വസനീയവും ആനുകാലികവുമായ വിവരങ്ങൾ 24 മണിക്കൂറും നേരിട്ടും ഫോൺ വഴിയും നൽകുന്നതിന് പുറമേ മരുന്നിന്റെ ഉപയോഗക്രമങ്ങൾ, അനുവർത്തിക്കേണ്ട ജീവിതശൈലി മാറ്റങ്ങൾ എന്നിവയെപ്പറ്റി വിശദമായ ഉപദേശങ്ങൾ നൽകുകയാണ് ഔഷധവിവര കേന്ദ്രത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെന്ന് സഭയെ അറിയിച്ചു. മരുന്നിന്റെ നിർദ്ദേശം, അളവ്, സൂക്ഷിക്കേണ്ട വിധം, കാലാവധി, പാർശ്വഫലങ്ങൾ, ശരാശരി വിവരങ്ങൾ, പ്രതികൂല ഫലങ്ങൾ, മരുന്നും ആഹാരവും തമ്മിലുള്ള പ്രതിപ്രവർത്തനങ്ങൾ തുടങ്ങി ഔഷധ സംബന്ധിയായി അറിയേണ്ട കാര്യങ്ങളെല്ലാം പൊതുജനങ്ങൾക്ക് ഈ കേന്ദ്രത്തിൽ നിന്ന് ലഭിക്കുന്നതാണ്. പുതുതായി വിപണിയിലിറങ്ങുന്ന

മരുന്നുകളെക്കുറിച്ചുള്ള വിവരങ്ങൾ നൽകുന്ന രീതിയിൽ ഈ കേന്ദ്രത്തെ സജ്ജീകരിച്ചിട്ടുണ്ട്. കേരളത്തിനകത്തും പുറത്തുമുള്ളവർക്ക് ആവശ്യമായ വിവരം ഇവിടെ നിന്ന് നൽകുന്നതാണ്. ഇതുവരെ വന്ന 625 അന്വേഷണങ്ങളെ പലതരം വിഭാഗങ്ങളായി തരംതിരിച്ച് ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർ ഇതിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. നിയമപരമായി മെഡിക്കൽ സ്റ്റോറുകളിൽ ഫാർമസിസ്റ്റ് വേണമെന്നുള്ള നിബന്ധനയുണ്ട്. നിയമാനുസൃതമായി മെഡിക്കൽ സ്റ്റോർ അനുവദിക്കുന്നതിനായി വരുന്ന അപേക്ഷകളിന്മേൽ ഫാർമസിസ്റ്റ് വേണമെന്നുള്ള നിബന്ധനയോടെ അനുവദിക്കുന്നതാണ്. സർക്കാർ നേരിട്ട് മരുന്ന് വാങ്ങുന്നതുകൂടാതെ ലോക്കൽ പർച്ചേസ് വഴിയും ഔഷധങ്ങൾ വാങ്ങുന്നുണ്ട്. മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ നിലവിൽ വന്നശേഷം ഗുണനിലവാരമുള്ള മരുന്ന് കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. പേയിംഗ് കൗണ്ടറുകളുടെ പ്രവർത്തനം ഫലപ്രദമാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

23 (*212) <u>സ്പോർട്സ് ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യങ്ങൾ</u>

നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം.വിജയകുമാർ) നൽകിയ മറുപടിയിൽ, സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള 61 ഹോസ്റ്റലുകളിൽ 42 എണ്ണത്തിലും ആവശ്യത്തിന് പരിശീലകരുണ്ടെന്നും മതിയായ അളവിൽ പരിശീലകരില്ലാത്ത 19 ഹോസ്റ്റലുകളിൽ പരിശീലകരെ നിയമിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നും സഭയെ അറിയിച്ചു. സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിലുള്ള

ഹോസ്റ്റലുകളിൽ പ്രവേശനം ലഭിക്കുന്ന കുട്ടികൾക്ക് നൽകിയിരുന്ന ഒരു ദിവസത്തെ ഭക്ഷണത്തിന്റെ തുക 65-ൽ നിന്ന് 75 രൂപയാക്കി വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. വിദ്യാർത്ഥികൾക്ക് യൂണിഫോറം, കളിക്കാനുള്ള ഉപകരണങ്ങൾ, ചികിൽസാ ചെലവ്, വാഷിംഗ് അലവൻസ്, താമസ ചെലവ്, യാത്രാ ചെലവ് എന്നിവയും അനുവദിക്കുന്നുണ്ട്. ഇതിനായി ഈ വർഷം ഇതുവരെ 1,45,00,000 രൂപ ചെലവായിട്ടുണ്ട്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം 5 വർഷം നടത്താതിരുന്ന സ്പോർട്സ് നിയമനങ്ങളിൽ 4 വർഷത്തേത് പൂർത്തീകരിക്കുകയും സ്പോർട്സ് ക്വാട്ട 20 എന്നുള്ളത് 50 ആക്കി ഉയർത്തുകയും ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. നാഷണൽ ഗെയിംസിന്റെ പ്രധാന വേദികളായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളേയും ഉപവേദികളായി കൊല്ലം, ആലപ്പുഴ, തൃശൂർ, മലപ്പുറം, കണ്ണൂർ നഗരങ്ങളേയും തെരഞ്ഞെടുത്തിട്ടുണ്ട്. തൃശൂരിലുള്ള സ്വിമ്മിംഗ്പൂൾ പുനരുദ്ധാരണത്തിനായി 3 കോടി രൂപയുടെ ഒരു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. 2010-ലെ നാഷണൽ ഗെയിംസിനോടനുബന്ധിച്ച് ഒരുക്കുന്ന അടിസ്ഥാനവികസന സൗകര്യങ്ങൾ നിലവിൽ വരുമ്പോൾ സ്പോർട്സ് ഹോസ്റ്റലുകളിലെ അടിസ്ഥാന വികസന സൗകര്യപ്രശ്നങ്ങൾക്കും പരിഹാരമുണ്ടാകുന്നതാണ്. നാഷണൽ ഗെയിംസിന്റെ മുന്നോടിയായി കേരളാ ഗെയിംസ് നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഗ്രാമതലത്തിലും സ്കൂൾ തലത്തിലും അടിസ്ഥാന സൗകര്യവികസനത്തിന്റെ ഭാഗമായി സ്റ്റേഡിയവും കളിസ്ഥലവും നിർമ്മിക്കാനുള്ള പദ്ധതിക്ക് രൂപം നൽകി കേന്ദ്ര ഗവണ്മെന്റിന് സമർപ്പിച്ചിട്ടുണ്ട്. കാസർകോട് ജില്ലയിൽ ഒരു കബഡി

അക്കാഡമി സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടിന്റെ വിവിധ വശങ്ങൾ പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്. കോതമംഗലത്ത് ആധുനിക രീതിയിലുള്ള സ്പോർട്സ് കോംപ്ളക്സ് നിർമ്മിക്കാൻ പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ട്. മഞ്ചേരി മുനിസിപ്പാലിറ്റി അധീനതയിലുള്ള 25 ഏക്കർ സ്ഥലത്ത് 30 കോടി രൂപ ചെലവഴിച്ച് ആധുനികരീതിയിലുള്ള ഫുട്ബാൾ അക്കാഡമിയും ഒരു സ്പോർട്സ് കോംപ്ളക്സും സ്ഥാപിക്കാനായി തദ്ദേശഭരണസ്ഥാപനങ്ങൾ, എം.എൽ.എ.-മാർ, എം.പി.-മാർ എന്നിവർക്ക് പങ്കാളിത്തമുള്ള ഒരു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. മുടങ്ങിക്കിടന്ന ജി.വി.രാജാ ഫുട്ബാൾ ടൂർണ്ണമെന്റ് പുനരാരംഭിക്കുന്നതിന് വേണ്ട സഹായം സർക്കാർ നൽകുന്നതാണെന്ന് ഒരു ഉപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

24(*213) <u>തുറമുഖവികസനം</u>

നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, കേരളത്തിലെ 17 തുറമുഖ ങ്ങളിൽ 6 തുറമുഖങ്ങൾക്ക് മുൻഗണന നൽകി സ്വകാര്യസംരംഭകരെക്കൂടി ഉൾപ്പെടുത്തി വികസിപ്പിക്കുന്നതിന് സർക്കാർ പദ്ധതി ആവിഷ്ക്കരിച്ചിട്ടു ണ്ടെന്ന് സഭയെ അറിയിച്ചു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

<u>വിഴിഞ്ഞം തുറമുഖ വികസനം</u>

ആഗോള ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് ഹൈദ്രാബാദ് ആസ്ഥാനമായുള്ള ലാൻകോ കൊണ്ടപ്പള്ളി പവർ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി ലീഡ് മെമ്പറായതും പെമ്പിനാൻ റെഡ്സായി എന്ന മലേഷ്യൻ കമ്പനി കൂടി ഉൾപ്പെട്ടതുമായ കൺസോർഷ്യത്തെ പദ്ധതി നിർവ്വഹണത്തിനുള്ള സ്വകാര്യപങ്കാളിയായി സർക്കാർ തെരഞ്ഞെടുത്ത് letter of intent നൽകിക്കഴിഞ്ഞു

വിഴിഞ്ഞം കാർഗോ ബർത്ത്

സുനാമി അടിയന്തിര സഹായ പദ്ധതിയിൽപ്പെടുത്തി (TEAP) 104 മീറ്റർ x .12 മീറ്റർ പുതിയ കാർഗോ വാർഫിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. 725.04 ലക്ഷം രൂപയുടെ ഈ പ്രവൃത്തി 31-03-2009-ൽ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കൊല്ലം(തങ്കശ്ശേരി) തുറമുഖം

കൊല്ലം തുറമുഖം ചരക്കുകപ്പലുകളെ സ്വീകരിക്കുവാനായി സജ്ജമായി 19-10-2007-ൽ തുറമുഖം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. വിദേശ കപ്പലുകളിൽ നിന്നുള്ള ഇറക്കുമതിക്കായി കേന്ദ്ര സർക്കാർ കൊല്ലം തുറമുഖത്തെ ഒരു കസ്റ്റംസ് തുറമുഖമായി പ്രഖ്യാപിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചു. നിലവിലുള്ള വാർഫിനെ ദീർഘിപ്പിക്കുവാനും മറ്റ് അനുബന്ധ വികസന സൗകര്യങ്ങൾ ഏർപ്പെടുത്തുവാനുമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. തുറമുഖത്തെ വാണിജ്യതലത്തിൽ സർക്കാർ-സ്വകാര്യ പങ്കാളിത്തത്തോടുകൂടി (PPP) വികസിപ്പിക്കുന്നതിനായി വിശദമായ പദ്ധതി രേഖ തയ്യാറാക്കാൻ കൺസൾട്ടന്റിനെ നിയമിക്കുന്നതിന് ആഗോള ദർഘാസ് ക്ഷണിച്ചതിൻ പ്രകാരം ഡിലോയിറ്റ് ടച്ച് തൊഹ്മാറ്റ്സ് എന്ന സ്ഥാപനത്തെ കൺസൾട്ടന്റായി തെരഞ്ഞെടുക്കുകയും ചെയ്തു. കേന്ദ്ര സർക്കാരിന്റെ ASIDE സ്കീമിൽ നിന്നും 1280 ലക്ഷം രൂപയുടെ വികസനപ്രവർത്തനങ്ങൾക്കും സുനാമി പുനരധിവാസ പദ്ധതിയിൽ നിന്നും 560 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങൾക്കും സർക്കാർ ഭരണാനുമതി നൽകി. പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

ആലപ്പുഴ തുറമുഖം

ആലപ്പുഴ തുറമുഖത്തെ സർക്കാർ-സ്വകാര്യ പങ്കാളിത്തത്തോടുകൂടി ഒരു മറീനയും ഒപ്പം ചരക്കു തുറുമഖവുമായി വികസിപ്പിക്കുന്നതിന് വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിനായി കൺസൾട്ടന്റിനെ നിയമിക്കുന്നതിനുവേണ്ടി ആഗോള തലത്തിൽ ക്ഷണിച്ച ദർഘാസിലൂടെ 2 കമ്പനികൾ ടെണ്ടർ സമർപ്പിച്ചിട്ടുണ്ട്. അവ സർക്കാർ പരിശോധിച്ചുവരികയാണ്.

പൊന്നാനി തുറമുഖം

പൊന്നാനി തുറമുഖം വിവിധോദ്ദേശ്യ രീതിയിൽ സ്വിസ് ചലഞ്ച് മെത്തേഡ് അവലംബിച്ച് വികസിപ്പിക്കുവാനായി പദ്ധതി രേഖ തയ്യാറാക്കാൻ ചുമതലപ്പെടുത്തിയ മലബാർ പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം സമർപ്പിച്ച പദ്ധതിയുടെ പഠനം നടന്നുകൊണ്ടിരിക്കുന്നു.

ബേപ്പൂർ തുറമുഖം

ബേപ്പൂർ തുറമുഖത്തെ എല്ലാ കാലാവസ്ഥയിലും പ്രവർത്തിപ്പിക്കുവാൻ സജ്ജമാക്കുന്ന രീതിയിൽ സർക്കാർ-സ്വകാര്യ പങ്കാളിത്തത്തോടുകൂടി

വികസിപ്പിക്കുന്നതിനുള്ള പദ്ധതിരേഖ തയ്യാറാക്കുന്നതിനായി കൺസൾട്ടന്റിനെ നിയമിക്കാൻ ആഗോള തലത്തിൽ ദർഘാസ് ക്ഷണിച്ച തിൻ പ്രകാരം M/s. Consulting Engineering Services Pvt.Ltd, New Delhi-യെ കൺസൾട്ടന്റായി സർക്കാർ തെരഞ്ഞെടുത്തു അവർക്ക് വർക്ക് ഓർഡർ നൽകി കരാർ ഉടൻ ഒപ്പിടുന്നതാണ്. സുനാമി പുനരധിവാസ പദ്ധ തിയിൽ 855 ലക്ഷം രൂപയുടെ വികസനപ്രവർത്തനങ്ങൾക്കും സർക്കാർ ഭരണാനുമതി നൽകി. പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

<u>അഴീക്കൽ തുറമുഖം</u>

അഴീക്കൽ തുറമുഖത്തെ സർക്കാർ സ്വകാര്യ പങ്കാളിത്തത്തോടുകൂടി വിക സിപ്പിക്കുന്നതിനുള്ള പദ്ധതിരേഖ തയ്യാറാക്കുന്നതിനായി കൺസൾട്ടന്റിനെ നിയമിക്കാൻ ആഗോള തലത്തിൽ ദർഘാസ് ക്ഷണിച്ചതിൻപ്രകാരം M/s; Deloitte Touche Tohmatsu India Pvt.Ltd-നെ കൺസൾട്ടന്റായി സർക്കാർ തെരഞ്ഞെടുത്തു. അവർക്ക് വർക്ക് ഓർഡർ നൽകി അവരു മായി കരാർ ഒപ്പിട്ടു. പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. സുനാമി പുന രധിവാസ പദ്ധതിയിൽ 1100 ലക്ഷം രൂപയുടെ വികസനപ്രവർത്തനങ്ങ ൾക്ക് സർക്കാർ ഭരണാനുമതി നൽകി പ്രവർത്തനങ്ങൾ പുരോഗമിച്ചുവരു ന്നു. തുറമുഖത്തിന്റെ മൗത്തിന്റെയും ടേണിംഗ് സർക്കിളിന്റെയും ആഴം കൂട്ടുന്നതിനാവശ്യമായ ഡ്രഡ്ജിംഗ് സംസ്ഥാന സ്ഥാപനമായ KSMDC നടത്തിവരുന്നു.

<u>കോട്ടയം</u>

കോട്ടയത്തെ ഉൾനാടൻ ജലഗതാഗതം മുൻനിർത്തി ഒരു ചെറുകിട തുറമു ഖമായി പ്രഖ്യാപിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു.

ഇപ്പോൾ വിഴിഞ്ഞം, കൊല്ലം(തങ്കശ്ശേരി), ബേപ്പൂർ, അഴീക്കൽ എന്നീ തുറ മുഖങ്ങളുടെ നവീകരണ പ്രവർത്തനങ്ങളാണ് നടക്കുന്നത്. കൊല്ലം തുറമു ഖത്തെ വാണിജ്യതലത്തിൽ സർക്കാർ-സ്വകാര്യ പങ്കാളിത്തത്തോടെ വികസി പ്പിക്കുന്നതിനായി വിശദമായ പദ്ധതിരേഖ തയ്യാറാക്കാൻ കൺസൾട്ടന്റിനെ നിയമിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. നിലവിൽ കൊല്ലം തുറമുഖത്ത് സർക്കാരിന്റെ പ്ലാൻ സ്കീമിൽ ഉൾപ്പെട്ടതും കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ ASIDE Scheme -ൽ ഉൾപ്പെട്ടതും സുനാമി പുനരധിവാസ പദ്ധതിയിലുൾപ്പെട്ടതുമായ താഴെപ്പറയുന്ന പ്രവൃത്തികൾ നടന്നുവരുന്നു.

പ്ലാൻ സ്കീം: ഇതിൽ 116 മീറ്റർ വാർഫ്, അപ്രോച്ച് റോഡ്, യാർഡ് നിരപ്പാക്കൽ, ചുറ്റുമതിൽ നിർമ്മാണം എന്നിവ പൂർത്തീകരിച്ചു. ഗോഡൗണിന്റെ നവീകരണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ട്രാൻസിറ്റ് ഷെഡിന്റെ നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. ജലസംഭരണി നിർമ്മാണത്തിനും ജലവിതരണത്തിനുമുള്ള പ്രവർത്തനങ്ങൾക്ക് ദർഘാസ് ക്ഷണിച്ചിരിക്കുകയാണ്. തുറമുഖ വൈദ്യുതീകരണത്തിന് സർക്കാർ അനുമതി നൽകിക്കഴിഞ്ഞു.

ASIDE Scheme: ഇതിലുൾപ്പെട്ട വാർഫിന്റെ നീളം വർദ്ധിപ്പിക്കൽ, യാർഡ് നവീകരണം എന്നീ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. റോഡിന്റെയും റീട്ടെയിനിംഗ് വാളിന്റെയും നിർമ്മാണത്തിനായി വർക്ക് ഓർഡർ നൽകിക്കഴിഞ്ഞു.

സുനാമി പുനരധിവാസം: ഇതിലുള്ള ട്രാൻസിറ്റ് ഷെഡിന്റെയും തങ്കശ്ശേരി മുതൽ കൊല്ലം തുറമുഖം വരെയുള്ള റോഡിന്റെയും നിർമ്മാണം പുരോഗമിച്ചുവരുന്നു. ഡ്രഡ്ജിംഗിന്റെയും ക്രെയിൻ സ്ഥാപിക്കുന്നതിനുമുള്ള പ്രവൃത്തിയുടെ ദർഘാസ് നടപടികൾ പുരോഗമിച്ചുവരുന്നു.

കൊല്ലം തുറമുഖ വികസനത്തിനായി ആകെ അനുവദിച്ചത് 2610 ലക്ഷം രൂപയാണ് തുറമുഖവികസനം ലക്ഷ്യമിട്ട് മാരിടൈം ഡെവലപ്മെന്റ് ബോർഡ് രൂപീകരിക്കുന്നതിന്റെ ഭാഗമായി കാസറഗോഡ് ജില്ലയിലെ മീഞ്ച പഞ്ചായത്തിൽ ഒരു മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കൊല്ലത്ത് മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്ന കാര്യം പരിഗണനയിലാണ്. കൊച്ചി തുറമുഖ തീരത്തെ പരിസ്ഥിതിപ്രശ്നങ്ങൾ വിശദമായ പഠനത്തിന് വിധേയമാക്കി പരിഹരിക്കുന്നതാണ്. മൽസ്യത്തൊഴിലാളികളുടെ താൽപ്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ടും നിലവിലുള്ള തുറമുഖങ്ങളിൽ അവർക്ക് തൊഴിലവസരങ്ങൾ നൽകിക്കൊണ്ടും തുറമുഖങ്ങളുടെ വികസനം നടത്താനാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്. പാസ്സഞ്ചർ കം കാർഗോ പോർട്ട് ആയി അഴീക്കൽ പോർട്ടിനെ വികസിപ്പിക്കുന്നതിന്റെ ഭാഗമായി ലക്ഷദ്വീപുമായി ബന്ധപ്പെട്ട് പാസ്സഞ്ചർ സർവ്വീസ് ആരംഭിക്കാനുള്ള നടപടി

സ്വീകരിക്കുന്നതാണ്. തദ്ദേശവാസികൾക്ക് ദോഷമുണ്ടാകാത്ത വിധത്തിൽ വിഴിഞ്ഞം തുറമുഖ വികസനത്തിന് വേണ്ട 120 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതാണെന്ന് മന്ത്രി വ്യക്തമാക്കി.

25(*214) <u>കൈത്തറി നെയ്ത്ത് വ്യവസായ സഹകരണസംഘങ്ങൾ</u>

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) നൽകിയ മറുപടിയിൽ, കേരളത്തിലെ കൈത്തറി നെയ്ത്തു വ്യവസായ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടെന്ന് സഭയെ അറിയിച്ചു.

സംഘങ്ങളുടെ ഓഹരിക്ക് ആനുപാതികമായി ഓഹരി പങ്കാളിത്ത പദ്ധതിയിലൂടെ പ്രവർത്തനമൂലധനം നൽകി ഉൽപാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ;

പുതിയ കൈത്തറി വസ്ത്രങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനും പ്രോത്സാഹനം നൽകുന്നതിനും ഉൽപ്പന്ന വികസന പദ്ധതികൾ;

കൈത്തറി വസ്ത്രങ്ങളുടെ വിപണനം വർദ്ധിപ്പിക്കുന്നതിനായി മാർക്കറ്റിംഗ് ഇൻസെന്റീവ്, റിബേറ്റ് എന്നിവ നൽകുക;

ഉൽപാദന സൗകര്യം കാര്യക്ഷമമാക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി "പ്രീലൂം പദ്ധതി;"

സർക്കാർ ജീവനക്കാർ/മറ്റ് മേഖലയിലെ ജീവനക്കാർ എന്നിവർക്കിടയിൽ കൈത്തറി/ഖാദി വസ്ത്രങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനായി "കേരളത്തനിമയ്ക്ക് കൈത്തറി" എന്ന പദ്ധതി;

കൈത്തറി വസ്ത്രം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർ ജീവനക്കാർ വാരാന്ത്യങ്ങളിൽ കൈത്തറി വസ്ത്രം ധരിക്കണമെന്ന് നിർദ്ദേശം നൽകുക;

കൈത്തറി തൊഴിലാളികളെ ഏകോപിപ്പിച്ച് ഉൽപ്പാദനവും വിപണനവും മെച്ചപ്പെടുത്തുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത പദ്ധതിയായ "ക്ലസ്റ്റർ വികസന പദ്ധതി;

ഉൽപ്പാദനം മെച്ചപ്പെടുത്തുന്നതിനായി തറികളുടെ ആധുനിക വൽക്കരണം നടത്തുന്ന പദ്ധതികൾ;

പ്രാഥമിക കൈത്തറി നെയ്ത്തുസഹകരണസംഘങ്ങളുടെ ഉൽപന്നങ്ങൾക്ക് പുതിയ വിപണി കണ്ടെത്തുന്നതിനായി പ്രദർശനങ്ങൾ സംഘടിപ്പിക്കുകയും അന്താരാഷ്ട്ര മേളകളിൽ സംഘങ്ങളെ പങ്കെടുപ്പിക്കുകയും ചെയ്യുക;

കൈത്തറി സഹകരണ സംഘങ്ങളിൽ ഭാഗിക യന്ത്രവൽക്കരണം നടത്തുന്നതിനുള്ള പദ്ധതി നടപ്പിലാക്കുകയും സംഘങ്ങളെ ആധുനികവൽക്കരിക്കുകയും ചെയ്യുന്നതിനുള്ള പദ്ധതികൾക്കായി 1 കോടി രൂപ ചെലവഴിക്കുക;

സ്കൂൾ കുട്ടികൾ കഴിയുന്നതും കൈത്തറി വസ്ത്രങ്ങൾ യൂണിഫോമിനായി ഉപയോഗിക്കുക.

കൈത്തറി നെയ്ത്തു സംഘങ്ങളുടെ കടങ്ങൾ ഒറ്റത്തവണയായി, സാമ്പത്തിക സഹായം നൽകികൊണ്ട് തീർപ്പ് കൽപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ ചില പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതായി അറിയിച്ചതിനെത്തുടർന്ന് ഇതുസംബന്ധിച്ച കത്തിടപാടുകൾ നടത്തി വരുന്നുണ്ട്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി കേന്ദ്ര ടെക്സ്റ്റൈൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് നബാർഡ് മാനേജിംഗ് ഡയറക്ടറുടെ മേൽനോട്ടത്തിൽ ഒരു ഉന്നതാധികാര കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. നബാർഡ് ആവശ്യപ്പെട്ട പ്രകാരം 31-03-07 വരെ കൈത്തറി സംഘങ്ങളുടെ ആസ്തി-ബാദ്ധ്യതയെക്കുറിച്ചുള്ള കണക്ക് സംസ്ഥാനത്തെ വിവിധ കൈത്തറി സംഘങ്ങളിൽ നിന്നും ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി ശേഖരിച്ച് കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും മാനദണ്ഡങ്ങൾ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ അന്തിമ തിരുമാനം പ്രതീക്ഷിക്കുകയാണ്. ഹാന്റക്സിന് 2007 വരെയുള്ള കുടിശ്ശിക കൊടുത്തുതീർത്തിട്ടുണ്ട്. സർക്കാർ-പൊതുമേഖലാസ്ഥാപനങ്ങളിൽ കൈത്തറി വിരികളും

കർട്ടനുകളും പൊതുചടങ്ങുകളിൽ അതിഥികളെ സ്വീകരിക്കുമ്പോൾ കൈത്തറി ഷാളുകളും ഉപയോഗിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളിൽ 144 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി. ഉത്തരങ്ങൾ ലൈബ്രറിയിൽ വച്ചിട്ടുണ്ട്)

................................